**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3546** **08-10-2025 - ൽ മറുപടിയ്ക്ക്**

**കാന്തലാട് വില്ലേജിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിലെ ഒരങ്കോക്കുന്ന്, മണ്ടോപ്പാറ നഗറുകളിൽ പാറപുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | താമരശ്ശേരി താലൂക്കിൽ കാന്തലാട് വില്ലേജിൽ ഒരങ്കോകുന്ന് മണ്ടോപ്പാറ പാറപുറമ്പോക്ക് ഇനം മാറ്റി പട്ടയം അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് സ.ഉ (കൈ) 100/ 2025/RD, തിയ്യതി 16/04/2025 പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം 1964-ലെ കേരളാ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരമുള്ള 12 (1) അനുബന്ധം V പൊതുനോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പതിച്ച് കൊടുക്കുന്നതിലേക്കായി മേൽ പറഞ്ഞ ഭൂമിയിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനും അർഹരായവരെ കണ്ടെത്തുന്നതിനും ഉള്ള സാവകാശം മാത്രമാണ് വേണ്ടി വന്നിട്ടുള്ളത്. ആയത് പൂർത്തീകരിച്ച ശേഷം പതിവ് കമ്മിറ്റി 30-09-2025-ന് കൂടുന്നതിന് നിശ്ചയിച്ചിരുന്നതുമാണ്. എന്നാൽ നവരാത്രി ദിനത്തോടനുബന്ധിച്ച് അന്നേ ദിവസം അവധി പ്രഖ്യാപിച്ചതിനാൽ ടി ദിവസം പതിവ് കമ്മിറ്റി ചേരാൻ സാധിക്കാതെ വരുകയും ആയത് 10/10/2025ൽ ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിവ് കമ്മിറ്റിക്ക് ശേഷം പതിവ് ലിസ്റ്റ് അംഗീകരിച്ച് പട്ടയം നൽകുന്നത് സംബന്ധിച്ച അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നഗറുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കുമോ? | (ബി) | താമരശ്ശേരി താലൂക്കിൽ കാന്തലാട് വില്ലേജിൽ ഒരങ്കോകുന്ന് മണ്ടോപ്പാറ പാറപുറമ്പോക്ക് ഇനം മാറ്റി പട്ടയം അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് സ.ഉ (കൈ) 100/ 2025/RD, തിയ്യതി 16/04/2025 പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം 1964-ലെ കേരളാ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരമുള്ള 12 (1) അനുബന്ധം V പൊതുനോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പതിച്ച് കൊടുക്കുന്നതിലേക്കായി മേൽ പറഞ്ഞ ഭൂമിയിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനും അർഹരായവരെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനും ഉള്ള സാവകാശം മാത്രമാണ് വേണ്ടി വന്നിട്ടുള്ളത്. ആയത് പൂർത്തീകരിച്ച ശേഷം പതിവ് കമ്മിറ്റി 30-09-2025-ന് കൂടുന്നതിന് നിശ്ചയിച്ചിരുന്നതുമാണ്. എന്നാൽ നവരാത്രി ദിനത്തോടനുബന്ധിച്ച് അന്നേ ദിവസം അവധി പ്രഖ്യാപിച്ചതിനാൽ ടി ദിവസം പതിവ് കമ്മിറ്റി ചേരാൻ സാധിക്കാതെ വരുകയും ആയത് 10/10/2025ൽ ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിവ് കമ്മിറ്റിക്ക് ശേഷം പതിവ് ലിസ്റ്റ് അംഗീകരിച്ച് പട്ടയം നൽകുന്നത് സംബന്ധിച്ച അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ